



## ഗൃഹനാഥനെ തട്ടിക്കൊണ്ടു പോയി പണം ആവശ്യപ്പെട്ട സംഭവത്തിൽ 5 പേർ പിടിയിലായി

മരം മുറിക്കുന്ന യന്ത്രത്തിൻെറ വാടക നൽകാത്തതിൻെറ പേരിൽ തട്ടിക്കൊണ്ടു പോയി ഇരട്ടിത്തുക ആവശ്യപ്പെട്ട സംഭവത്തിൽ 5 പേർ പിടിയിലായി. മേലാർകോട് തെക്കെത്തറ മണികണ്ഠനെ (58) തട്ടിക്കൊണ്ടുപോയ കേസിൽ തേങ്കുറുശ്ശി തുപ്പാരക്കളം അൽത്താഫ് അലി (22) തിരുവനന്തപുരം അമ്പൂരിദേശം മുള്ളൂട്ടിൽ മനുജോയ് (27), നെന്മാറ തവളക്കുളം എംഎൽഎ റോഡിൽ റഫീഖ് (20), തേങ്കുറുശ്ശി വെമ്പല്ലൂർ പൂശാരിമേട്ടിൽ നിധിൻ (18), വെമ്പല്ലൂർ പച്ചിലംകോട് നിധിൻ (19) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. എയർപിസ്റ്റളും വാളും കത്തിയും കണ്ടെടുത്തു.

# ഗൃഹനാഥനെ തട്ടിക്കൊണ്ടുപോയി പണം ആവശ്യപ്പെട്ട സംഘം പിടിയിൽ

**ലഹരി കടത്ത്, അടിപിടി, പോക്സോ കേസുകളിലും ഇവർ പ്രതികളാണ്**

സ്വന്തം ലേഖകൻ

**ആലത്തൂർ**

മധ്യവയസ്കനെ തട്ടിക്കൊണ്ടുപോയി പണം ആവശ്യപ്പെട്ട അഞ്ചംഗ സംഘം പിടിയിൽ. തേങ്കുറുശി തുപ്പാരക്കളം വീട്ടിൽ അൽത്താഫ് അലി (22), നെന്മാറ തവളക്കുളം എംഎൽഎ റോഡിൽ റഫീഖ് (20), വെമ്പല്ലൂർ പൂശാരിമേട് നിധിൻ (18), തിരുവനന്തപുരം അമ്പൂരിദേശം മുള്ളൂട്ടിൽ മനു ജോയ് (27), വെമ്പല്ലൂർ പച്ചിലംകോട് നിധിൻ (ചെള്ളി–19) എന്നിവരാണ് പിടിയിലായത്. മേലാർകോട് തേക്കത്തറ സ്വദേശി മണികണ്ഠനെ(58) തട്ടിക്കൊണ്ടുപോയ കേസിലാണ് അറസ്റ്റ്.

തിങ്കളാഴ്ച രാത്രി മണികണ്ഠന്റെ വീട്ടിലെത്തിയ പ്രതികൾ ബലമായി അദ്ദേഹത്തെ കാറിൽ കയറ്റിക്കൊണ്ടുപോകുകയായിരുന്നു. മരം വെട്ടുന്ന യന്ത്രം വാടകയ്ക്ക് എടുത്തതിൽ പ്രതികൾക്ക് മണികണ്ഠൻ 50,000 രൂപ നൽകാനുണ്ടായിരുന്നു. തട്ടിക്കൊണ്ടുപോയ ശേഷം പ്രതികൾ ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടു. പൊലീസിനെ അറിയിച്ചാൽ വധിക്കുമെന്നും ഭീഷണിപ്പെടുത്തി.

മണികണ്ഠന്റെ ഭാര്യ നൽകിയ പരാതിയിൽ ആലത്തൂർ പൊലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി അൽത്താഫ് അലിയുടെ തേങ്കുറുശിയിലെ വീട്ടിൽനിന്ന് മണികണ്ഠനെ കണ്ടെത്തിയത്. മറ്റ് പ്രതികളെയും ഇവിടെനിന്ന് പിടികൂടി. ഇവരിൽനിന്ന് വാളും, കത്തിയും, എയർ പിസ്റ്റളും കണ്ടെടുത്തു. ലഹരി വിൽപ്പന സംഘത്തിലെ പ്രധാനികളാണ് ഇവർ. ലഹരി കടത്ത്, അടിപിടി, പോക്സോ കേസുകളും ഇവർക്കെതിരെ നിലവിലുണ്ട്.

ആലത്തൂർ ഡിവൈഎസ്പി കെ എം ദേവസ്യയുടെ നിർദേശത്തിൽ സിഐ ബോബിൻ മാത്യു, എസ്ഐ എം ആർ അരുൺകുമാർ, ജൂനിയർ എസ്ഐ സുജിത്ത്, എഎസ്ഐമാരായ സാം ജോർജ്, ഷാജു, എസ്‌സിപിഒ ഉവൈസ്, സുഭാഷ്, ഡിവൈഎസ്പിയുടെ ക്രൈം സ്ക്വാഡ് അംഗങ്ങളായ റഹിം മുത്തു, ആർ കെ കൃഷ്ണദാസ്, യു സൂരജ് ബാബു, കെ ദിലീപ് എന്നിവരാണ് പ്രതികളെ പിടികൂടിയത്.

അൽത്താഫ് അലി, റഫീഖ്, നിധിൻ, മനു ജോയ്, നിധിൻ



പ്രതികളിൽ നിന്ന് പിടിച്ചെടുത്ത തോക്കും വാളും

ഇവർ ലഹരി മാഫിയ അടങ്ങുന്ന ക്രിമിനൽ സംഘമാണ്. മരംവെട്ടുകാരനായ മണികണ്ഠൻ അൽത്താഫ് അലിയിൽ നിന്ന് യന്ത്രം വാടകയ്ക്കെടുത്തിരുന്നു. ഇതിൻെറ വാടകയായി അരലക്ഷം രൂപയോളം നൽകാനുണ്ടെന്നു പറയുന്നു. 22നു പ്രതികൾ വീട്ടിലെത്തി മണികണ്ഠനോട് പണം ആവശ്യപ്പെട്ടെങ്കിലും നൽകിയില്ല. ഇതോടെ ബലമായി കാറിൽ കയറ്റിക്കൊണ്ടു പോയി. തുടർന്ന് ഭാര്യയെ ഫോണിൽ വിളിച്ച് ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടു.

പൊലീസ് നടത്തിയ അന്വേഷണത്തിൽ രാത്രിതന്നെ തേങ്കുറുശ്ശിയിൽ അൽത്താഫ് അലി പുതിയതായി നിർമിക്കുന്ന വീട്ടിൽ നിന്നു മണികണ്ഠനെ കണ്ടെത്തി മോചിപ്പിക്കുകയും പ്രതികളെ പിടികൂടുകയും ചെയ്തു.

.................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT